സ്പെഷ്യൽഗ്രേഡ് പഞ്ചായത്ത് ആഫീസറൻമാരുടെ ഒഴിവുകൾ

286. [459] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 28-2-1986-ൽ സ്പെഷ്യൽഗ്രേഡ് പഞ്ചായത്താഫീസറൻമാരുടേയും അവരുടെ മുകളിലുമായി എത്ര ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുണ്ട് ;

(ബി) 31-3-1986-ൽ മേൽപ്പറഞ്ഞ തസ്തികകളിൽ എത്ര ഒഴിവുകൾ വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) മാസാമാസങ്ങളിൽ ഒഴിവുകൾ വരുന്ന തസ്തികകളിലേക്ക് പ്രമോഷൻ നൽകാതിരിക്കാനുണ്ടായ കാരണമെന്താണ് ;

(ഡി) 1-4-1986-ൽ എല്ലാ പ്രൊമോഷൻ തസ്തികകളും നികത്താൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സ്പെഷ്യൽഗ്രേഡ് പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർ—1
ജില്ലാ പഞ്ചായത്താഫീസർ—1
ജോയിൻറ് ഡയറക്ടർ—1
ഇതിൽ ജില്ലാ പഞ്ചായത്താഫീസറുടെ ഒഴിവ് ഒഴികെ ബാക്കിയെല്ലാം നികത്തിക്കഴിഞ്ഞു. ഹൈക്കോടതി നിർദ്ദേശപ്രകാരമാണ് ജില്ലാ പഞ്ചായത്താഫീസറുടെ ഒഴിവ് നികത്താത്തത്.

(ബി) സ്പെഷ്യൽഗ്രേഡ് എക്സിക്യൂട്ടീവ് ആഫീസർ—3
താലൂക്ക് പഞ്ചായത്താഫീസർ—3
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ—1
ജോയിൻറ് ഡയറക്ടർ—1.

(സി) ഒഴിവുകൾ അതാതുമാസം തന്നെ പ്രമോഷൻ നൽകി നികത്തപ്പെടാറുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തുകളിൽ ഓതറൈസ്ഡ് ആഫീസർ

287. [460] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളിൽ ഓതറൈസ്ഡ് ആഫീസറൻമാരായി പഞ്ചായത്ത് ഇൻസ്പെക്ടർമാരെക്കൂടി അധികാരപ്പെടുത്താൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly